بسم الله الرحمن الرحيم

- **നല്ല വ്യക്തിത്വം എന്നതിന്റ അർത്ഥം എന്താണ്?**

എല്ലാ മേഖലകളിലും കൃത്യമായ നിലപാട് കാത്തു സൂക്ഷിക്കുന്ന വ്യക്തി.

പ്രൊഫഷനിൽ നല്ല വ്യക്തിത്വം ആഗ്രഹിക്കുന്നവർ

ആരാണ് നല്ല ഡോക്ടർ, ഉദ്യോഗസ്ഥൻ?

സമയ നിഷ്ഠ പാലിക്കുന്നവർ, മാന്യമായ ഫീസ് ഈടാക്കുന്നവർ, കൈക്കൂലി വാങ്ങാത്തവർ, നല്ല പെരുമാറ്റത്തിന് ഉടമകൾ.

മത രംഗത്തെ നല്ല വ്യക്തിത്വം എന്നാൽ എന്താണ്?

ആദർശം മറ്റൊന്നിനും പണയം വെക്കാതെ മത നിഷ്ഠയിൽ ജീവിക്കുന്നവനാണ് നല്ല വ്യക്തിത്വത്തിന്റെ ഉടമ.

അത് സാധ്യമാണ് എന്ന് തെളിയിച്ചവരാണ് പ്രവാകന്മാർ.

ഇബ്രാഹിം നബി (അ) നെ കുറിച്ച് അല്ലാഹു പറഞ്ഞു;

وَإِبْرَاهِيمَ الَّذِي وَفَّى (النجم-٣٧)

ആദർശ കണിശത കൊണ്ട് ഇബ്രാഹിം നബി (അ) എത്തിച്ചേർന്ന പദവി.

وَمَنْ أَحْسَنُ دِينًا مِمَّنْ أَسْلَمَ وَجْهَهُ لِلَّهِ وَهُوَ مُحْسِنٌ وَاتَّبَعَ مِلَّةَ إِبْرَاهِيمَ حَنِيفًا وَاتَّخَذَ اللَّهُ إِبْرَاهِيمَ خَلِيلا (النساء: ١٢٥)

- **ഇത് നമുക്കും സാധ്യമാണ്.**

ഇസ്ലാമിക നിയമങ്ങൾ പാലിച്ചു കൊണ്ടു മാത്രമേ ഞാൻ ജീവിക്കു എന്ന തീരുമാനത്തിലൂടെ...

അല്ലാഹുവിന്റെ കൽപ്പനയും അതാണ്.

وَمَا كَانَ لِمُؤْمِنٍ وَلا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَنْ يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ(الأحزاب: ٣٦)

ഇതിനാണ് ഇത്തിബാഉ റസൂൽ അഥവ പ്രവാചകനെ പിൻപറ്റുക എന്ന് പറയുന്നത്.

പ്രവാചകൻ പഠിപ്പിക്കാത്ത ഒരു ഇബാദത്തിന്റെ അമൽ നമുക്ക് പാടില്ല.

عن عائشة أم المؤمنين: مَن عَمِلَ عَمَلًا ليسَ عليه أمْرُنا فَهو رَدٌّ. (مسلم)

അമൽ ചെയ്തു നബി (സ്വ) യെ പിൻപറ്റാത്തവരായി സമുദായം മാറി പോകുന്നുണ്ടോ?

റജബ് മാസവുമായി ബന്ധപ്പെട്ട് ഇസ്ലാം പഠിപ്പിക്കാത്ത ധാരാളം അനുഷ്ഠാനങ്ങൾ വിശ്വാസികൾക്കിടിയിൽ കാണാം.

- **എന്താണ് അതിന്റെ വസ്തുത?**

**1. അല്ലാഹു പവിത്രമാക്കിയ മാസമാണ് റജബ്.**

അല്ലാഹു പവിത്രമാക്കിയ, യുദ്ധം നിഷിദ്ധമായ നാല് മാസങ്ങളിൽ ഒന്നാണ് റജബ് മാസം. (അത്തൗബ: മുപ്പത്തിയാറ്)

ഇമാം ത്വബ്‌രി(റഹി) ഇബ്‌നു അബ്ബാസ്(റ)വിൽ നിന്നും ഈ സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ ഇങ്ങനെ ഉദ്ധരിച്ചത് കാണാം: "എല്ലാ മാസങ്ങളിലും സ്വന്തത്തോട് അക്രമം പ്രവർത്തിക്കൽ (അഥവാ അധർമം ചെയ്യൽ) നിഷിദ്ധമാണ്. പിന്നീട് അതിൽ നിന്നും നാല് മാസങ്ങളെ അല്ലാഹു പ്രത്യേകം എടുത്ത് പറഞ്ഞു. അവയുടെ പവിത്രതയെ മഹത്വപ്പെടുത്തുകയും, അവയിലെ പാപങ്ങളെ ഗൗരവപരമായ പാപങ്ങളും അവയി ലെ നന്മകളെ അതിമഹത്തായ നന്മകളുമാക്കിയിരിക്കുന്നു." (തഫ്സീറുത്ത്വബ്‌രി).

**2. ഈ മഹത്വമല്ലാതെ മറ്റു മഹത്വങ്ങളില്ല.**

ക്വുർആൻ പരിചയപ്പെടുത്തിയ ഈ മഹത്വമല്ലാതെ മറ്റു ശ്രേഷ്ഠതകൾ റജബിന് ഉള്ളതായി പ്രമാണങ്ങൾ പഠിപ്പിക്കുന്നില്ല.

ഉമർ ബ്നുൽ ഖത്താബ് (റ) വിൽ നിന്നും ഇമാം ഇബ്നു അബീ ശൈബ റഹിമഹുല്ലാഹ് ഉദ്ദരിക്കുന്നു:

إِنمَّاَ رَجَب شَهْرٌ كَانَ يُعَظِّمُهُ أَهْلُ الْجَاهِلِيَّةِ فَلَمَّا جَاءَ الإِسْلاَمُ تُرِكَ"

റജബ് ജാഹിലിയത്തിലെ ആളുകൾ മഹത്വവൽക്കരിച്ചിരുന്ന മാസമാണ്. ഇസ്‌ലാം വന്നതിനു ശേഷം അത് ഉപേക്ഷിക്കപ്പെട്ടു". [മുസ്വന്നഫ് ഇബ്നു അബീ ശൈബ].

**3. കള്ള ഹദീസുകൾ**

എന്നാൽ ധാരാളം കെട്ടിച്ചമക്കപ്പെട്ട ഹദീഥുകളും ദുർബല ഹദീഥുകളും തെളിവാക്കി ഒട്ടനേകം അനാചാരങ്ങൾ റജബ് മാസത്തിൽ പലരും പ്രവർത്തിച്ച് വരുന്നതായിക്കാണാം.

ഉദാഹരണമായിഃ ആദ്യമായി റജബ് മാസം അറിയിക്കുന്നവന് നരകം നിഷിദ്ധമാണ്.

ഇങ്ങനെയൊരു ഹദീസ് പ്രാമാണികമായ ഒരു ഹദീസ് ഗ്രന്ഥങ്ങളിലും ഇല്ല എന്ന് മാത്രമല്ല. നബി (സ്വ) യുടെ പേരിലുള്ള പച്ചക്കളവാണ്.)

ഇത്തരം ബിദ്അത്തുകളെ അഹ്ലുസുന്നയുടെ പണ്ഡിതന്മാർ ശക്തമായി എതിർത്തിട്ടുണ്ട്.

ഇബ്നുഹജർ അൽ അസ്ക്വലാനിക്ക് ഈ വിഷയത്തിൽ പ്രത്യേകമായി ഒരു കിതാബ് തന്നെ ഉണ്ട്.

تَبْيِينُ العَجَب بما وَرَدَ في شَهْرِ رَجَب എന്നാണ് ആ രിസാലയുടെ പേര്.

**❖ റജബിലെ ബിദ്അത്തുകൾ**

**1. റജബ് ഇരുപത്തി ഏഴിന് ഇസ്റാഅ് മിഅറാജ് ആഘോഷിക്കലും ആ ദിവസം നോമ്പ് പിടിക്കലും.**

നബി (സ) യോ, സ്വഹാബത്തോ ആരും തന്നെ അപ്രകാരം ഒരു ദിനം ആഘോഷിച്ച തായി സ്ഥിരപ്പെട്ടിട്ടില്ല.
ഇബ്നുഹജർ അൽ അസ്ഖലാനി പറയുന്നു;

«لَمْ يَرِدْ فِي فَضْلِ شَهْرِ رَجَبَ وَلَا صِيَامِهِ وَلَا فِي صِيَامِ شَيْءٍ مُعَيَّنٍ مِنْهُ، وَلَا فِي قِيَامِ لَيْلَةٍ مَخْصُوصَةٍ فِيهِ حَدِيثٌ صَحِيحٌ يَصْلُحُ لِلْحُجَّةِ» (تبيين العجب : ٢٣)

റജബ് മാസത്തിന് പ്രത്യേകമായുള്ള ശ്രേഷ്ഠതയോ, അതിൽ പ്രത്യേകം നോമ്പ് നോൽക്കുന്നതോ, അതിലെ പ്രത്യേക ദിവസങ്ങൾ തിരഞ്ഞെടുത്ത് നോമ്പ് നോൽക്കുന്നതോ, അതിലെ ഏതെങ്കിലും പ്രത്യേക രാവിൽ രാത്രി നമസ്കാരം നിർവഹിക്കുന്നതോ സൂചിപ്പിച്ചുകൊണ്ട് തെളിവ് പിടിക്കാൻ കൊള്ളാവുന്ന ഒരു ഹദീസും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല."

- **ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ പറയുന്നു:**

«وَأَمَّا صَوْمُ رَجَبٍ بِخُصُوصِهِ فَأَحَادِيثُهُ كُلُّهَا ضَعِيفَةٌ بَلْ مَوْضُوعَةٌ» (مجموع فتاوى: ٢٥/٢٩٠)

“റജബ് മാസം പ്രത്യേകമായി നോമ്പെടുക്കാൻ പറയുന്ന ഹദീഥുകളെല്ലാം ദഈഫ് (ദുർബലം) ആകുന്നു, അല്ല! അവ മൗദൂഅ് (കെട്ടിച്ചമക്കപ്പെട്ടവ) തന്നെയാണ്.”

### 2. റജബ് മാസത്തിൽ പ്രത്യേകം ഉംറ

റമദാനിലെ ഉംറക്ക് നബി (സ്വ) ശ്രേഷ്ഠത പഠിപ്പിച്ചത് കാണാം.
എന്നാൽ റജബിൽ ഉംറക്ക് യാതൊരു പ്രത്യേകതയും ഹദീസുകളിൽവന്നിട്ടില്ല.
ആർക്കെങ്കിലും റജബീൽ ഉംറ ചെയ്യാൻ അവസരം കിട്ടാൽ അവർക്ക് ചെയ്യാം എന്നല്ലാതെ മഹത്വം കണക്കാക്കി ചെയ്യുന്നത് കുറ്റകരമാണ്.

عن عروة بن الزبير: سئلَ ابنُ عمرَ في أيِّ شَهرٍ اعتمرَ رسولُ اللَّهِ صلّى اللَّهُ عليهِ وسلَّمَ قالَ في رجبٍ فقالت عائشةُ ما اعتمرَ رسولُ اللَّهِ صلّى اللَّهُ عليهِ وسلَّمَ في رجبٍ قطُّ وما اعتمرَ إلّا وَهوَ معَه تعني ابنَ عمرَ (صحيح ابن ماجه)

"നബി (സ) ഒരിക്കലും റജബ് മാസത്തില് ഉംറ നിര്വഹിച്ചിട്ടില്ല"

### 3. (صلاة الرغائب) ആഗ്രഹ സഫലീകരണ നമസ്കാരം.

ഇമാം നവവി ഈ നമസ്കാരത്തെക്കുറിച്ച് പറഞ്ഞത്;

الصلاة المعروفة بصلاة الرغائب , وهي ثنتا عشرة ركعة تصلى بين المغرب والعشاء ليلة أول جمعة في رجب , وصلاة ليلة نصف شعبان مائة ركعة وهاتان الصلاتان بدعتان ومنكران

"സ്വലാത്തു റഗാഇബ് എന്നറിയപ്പെടുന്ന (ആഗ്രഹസഫലീകരണ) നമസ്കാരം, അതായത് റജബ് മാസത്തിലെ ആദ്യത്തെ ജുമുഅ ദിവസം മഗ്രിബിനും ഇഷാക്കും ഇടയിൽ നമസ്കരിക്കുന്ന പന്ത്രണ്ട് റകഅത്ത് നമസ്കാരം, അതുപോലെ ശഅബാൻ പതിനഞ്ചിന് നമസ്കരിക്കുന്ന നൂറ് റകഅത്ത് നമസ്കാരം ഇവ രണ്ടും ബിദ്അത്താണ്.

### 4. (عتيرة رجب) അഥവാ റജബ് മാസത്തിലെ അറവ്.

ജാഹിലിയാ കാലഘട്ടത്തിലെ ആളുകൾ ഉളുഹിയത്ത് പോലെ റജബ് മാസത്തിൽ അനുഷ്ഠിച്ച് പോന്നിരുന്ന ഒരാചാരമായിരുന്ന 'അതീറത്തു റജബ്'

ഇത് പുണ്യമാണ് എന്ന അഭിപ്രായപ്പെട്ട പണ്ഡിതന്മാരുണ്ട്.

എന്നാൽ ഇത് നബി (സ്വ) വിലക്കിയിട്ടുണ്ട് എന്ന ഹദീസുകൾ പഠിപ്പിക്കുന്നു.

عَنْ أَبِي هُرَيْرَةَ رضي الله عنه عَنْ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ : ( لا فَرَعَ وَلا عَتِيرَةَ )

അബൂ ഹുറൈറ (റ) നിവേദനം: "ഫറഓ, അതീറയോ (മതത്തിൽ) ഇല്ല [ബുഖാരി].

- فَرَعَ എന്ന പറഞ്ഞാൽ ഒട്ടകം പ്രസവിക്കുന്ന ആദ്യ കുഞ്ഞിനെ തങ്ങളുടെ ആരാധ്യ ന്മാർക്ക് വേണ്ടി ബലി അറുക്കുന്ന സമ്പ്രദായം.
- നബി (സ്വ) പഠിപ്പിച്ചത് ഇവിടെ നാം ഓർക്കണം

من تشبه بقوم فهو منهم

നബി (സ) അരുളി: ആരെങ്കിലും ഏതെങ്കിലും ഒരു സമുദായവുമായി സാദൃശ്യം വച്ചുപുലർത്തിയാൽ അവന് അവരിൽപ്പെട്ടവനാണ് [അബൂദാവൂദ്]

- അതീറ എന്നത് ജാഹിലിയാ കാലഘട്ടത്തിലെ ആചാരമായിരുന്നു.
- നബി (സ) അത് പിന്നീട് വിലക്കിയിട്ടുണ്ട്.
- അത് പ്രവർത്തിക്കുന്നത് ജാഹിലിയത്തിലെ ആളുകളോട് സാമ്യം പുലർത്തലാണ്.
- **ഇമാം നവവി റഹിമഹുല്ല പറഞ്ഞത്**

"إن الأمر بالعتيرة منسوخ عند جماهير العلماء "

"അതീറ നിർവഹിക്കാനുള്ള കല്പന ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെ പക്കലും 'നസ്ഖ്' ചെയ്യപ്പെട്ട അഥവാ പിൽകാലത്ത് ദുർബലപ്പെടുത്തപ്പെട്ട നിയമമാണ് [ശറഹു മുസ്‌ലിം)

### 5. റജബിലുള്ള പ്രത്യേക പ്രാർത്ഥന

كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ إِذَا دَخَلَ رَجَبٌ قَالَ: ( اللَّهُمَّ بَارِكْ لَنَا فِي رَجَبٍ، وَشَعْبَانَ، وَبَلِّغْنَا رَمَضَانَ )

അല്ലാഹുവേ നീ ഞങ്ങൾക്ക് റജബിലും, ശഅബാനിലും അനുഗ്രഹം ചൊരിയുകയും, ഞങ്ങൾക്ക് നീ റമളാൻ വന്നെത്തിക്കുകയും ചെയ്യേണമേ"

ഇതിന്റെ സനദ് ളഈഫാണ്.

ഈ ഹദീസിന്റെ സനദിൽ ഉള്ള സിയാദ് അന്നുമൈരി എന്നയാൾ 'ളഈഫ്' അഥവാ ഹദീസ് നിദാനശാസ്ത്രപ്രകാരം ദുർബലനാണ്.

ഇമാം ഇബ്നു മഈന് ഇയാൾ ദുർബലനാണ് എന്ന് പറഞ്ഞിട്ടുണ്ട്.

ഇമാം അബൂ ഹാതിം: ഇയാളെ തെളിവ്പിടിക്കാൻ കൊള്ളില്ല എന്ന് പറഞ്ഞിട്ടുണ്ട്.

ഇബ്നു ഹിബ്ബാൻ ഇയാളെ ദുർബലന്മാരുടെ ഗണത്തിൽ എണ്ണുകയും 'ഇയാളുടെ ഹദീസുകൾ കൊണ്ട് തെളിവ് പിടിക്കാൻ പാടില്ല' എന്ന് പറയുകയും ചെയ്തിട്ടുണ്ട്.

- [ميزان الإعتدال] നോക്കുക.

❖ **ശ്രദ്ധിക്കുക.**

അല്ലാഹു നമ്മുടെ പ്രവർത്തനങ്ങൾ സ്വീകരിക്കണമെങ്കിൽ രണ്ട് നിബന്ധനകൾ ഒത്തുവന്നിരിക്കണം.

ഒന്ന്: നമ്മുടെ ഇബാദത്തുകൾ മുഴുവൻ റബ്ബിന് വേണ്ടി മാത്രമായിരിക്കണം.

രണ്ട്: നമ്മുടെ ഇബാദത്തുകൾ റസൂൽ ﷺ പഠിപ്പിച്ചതുപോലെയായിരിക്കണം.

റജബ് മാസത്തിൽ ആളുകൾ ചെയ്തു കൊണ്ടിരിക്കുന്നത് നബി ചര്യയിൽ സ്ഥിരപ്പെട്ട് വന്നതല്ലെന്ന് മനസ്സിലാക്കി ജീവിക്കുക.

---

- റൌദത്തുൽ ഖുത്തബാഇന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.